# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 5872. 8..7..2013-ൽ മറുപടിക്ക്

## ക്ഷീരസംഘങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ:<br>ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര സംഘങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം നല്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ക്ഷീരസംഘങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി 'ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ക്ഷീരമേഖലയുടെ നട്ടെല്ലായ ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവത്ക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി കമ്പ്യൂട്ടർവത്ക്കരണം വഴി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സുതാര്യമാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് സംഘങ്ങളെ പ്രാപ്തരാക്കുകയുമാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ധനകാര്യ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) ക്ഷീരവികസന വകുപ്പും ക്ഷീരസഹകരണ സംഘങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നടപ്പ് സാമ്പത്തികവർഷത്തേയ്ക്ക് ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.